"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്‌ഡഡ് സ്കൂൾ - ജീവനക്കാര്യം - തിരുവനന്തപുരം ഒറ്റശേഖരമംഗലം ജനാർദ്ദനപുരം ഹയർസെക്കണ്ടറി സ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.4098/2026/GEDN തീയതി,തിരുവനന്തപുരം, 22-06-2026

---

പരാമർശം:-

1. തിരുവനന്തപുരം ഒറ്റശേഖരമംഗലം ജനാർദ്ദനപുരം ഹയർസെക്കണ്ടറി സ്കൂളിലെ മാനേജർ സമർപ്പിച്ച 07.11.2025 ലെ 88/2025 നമ്പർ റിവിഷൻ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03.12.2025 തീയതിയിലെ ഇ.റ്റി.4/24126/2025/ഡി.ജി.ഇ. നമ്പർ കത്ത്.
3. നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 03.12.2025 തീയതിയിലെ ബി4/1595/25 നമ്പർ കത്ത്.

**ഉത്തരവ്**

ഒറ്റശേഖരമംഗലം ജനാർദ്ദനപുരം ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.റ്റി. മലയാളം ആയി ജോലി ചെയ്തിരുന്നതും 04/07/2022 മുതൽ 31/03/2023 വരെയും 01/06/2023 മുതൽ 08/10/2023 വരെയുമുള്ള കാലയളവിലെ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിനായി സ്കൂൾ മാനേജർ സമർപ്പിച്ച പരാമർശം (1) പ്രകാരമുള്ള റിവിഷൻ ഹർജിയിന്മേൽ 12/12/2025 തീയതിയിൽ വാദം കേട്ടിരുന്നു.

2. നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയിൽ പ്രവർത്തിച്ചുവരുന്ന ഒരു എയ്‌ഡഡ് വ്യക്തിഗത മാനേജ്മെന്റ് സ്കൂളാണ് ഒറ്റശേഖരമംഗലം, ജനാർദ്ദനപുരം ഹയർ സെക്കന്ററി സ്കൂൾ എന്നും ഈ സ്കൂളിൽ എച്ച്.എസ്.റ്റി. (മലയാളം) ആയിരുന്ന ശ്രീ.വിനോദ് കുമാർ കെ.എസ്. നെ ഒരു വർഷത്തേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ മലയാളം മിഷനിലെ രജിസ്ട്രാർ തസ്തികയിൽ നിയമിച്ചുകൊണ്ട് 21.06.2022 ലെ G.O.(Rt)No.384/2022/CLAD നമ്പർ പ്രകാരം സർക്കാർ ഉത്തരവായിരുന്നു. അതുപ്രകാരം, പുതിയ ജോലിയിൽ പ്രവേശിക്കുന്നതിനായി 22.06.2022 ന് തന്നെ ടിയാൾ സ്കൂളിൽ നിന്നും വിടുതൽ വാങ്ങിപ്പോയിരുന്നു. ഇപ്രകാരം 22.06.2022 മുതൽ 20.06.2023 വരെയുള്ള കാലയളവിലേക്ക് ഒരു എച്ച്.എസ്.റ്റി. (മലയാളം) ന്റെ ഒരു താല്കാലിക

ഒഴിവുണ്ടായിരുന്നു. ഈ ഒഴിവിലാണ് 04.07.2022 മുതൽ 31.03.2023 വരെയുള്ള കാലയളവിലേക്ക് ശ്രീമതി.ശ്രീകല സി.എസ്സ്.നെ ദിവസവേതനാടിസ്ഥാനത്തിൽ എച്ച്.എസ്.റ്റി. (മലയാളം) ആയി ആദ്യം നിയമിച്ചത്. എന്നാൽ ഏതാണ്ട് ഒന്നര വർഷങ്ങൾക്ക് ശേഷം 22.12.2023 ലെ B4/44111/2023 നമ്പർ ഉത്തരവിലൂടെ നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഈ നിയമനത്തിന് അംഗീകാരം നിരസിച്ചിരുന്നു. ഒരു അക്കാദമിക വർഷത്തിൽ കൂടുതലുള്ള അവധി ഒഴിവുകളിൽ സംരക്ഷിത അദ്ധ്യാപക നിയമനം നടത്തുന്നതിനു പകരം ദിവസവേതന നിയമനം നടത്തിയത് ക്രമപ്രകാരമല്ലാത്തതിനാൽ നിയമനാംഗീകാരം നിരസിച്ചിരുന്നു. ഇതിനെതിരെ, തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചെങ്കിലും, ആയതും അതേ കാരണം പറഞ്ഞ്, 14.03.2024 ലെ B5/221249/2024 നമ്പർ ഉത്തരവിലൂടെ നിരസിച്ചിരുന്നു. കെ.ഇ.ആർ. അദ്ധ്യായം XXI ലെ ചട്ടം 7(4) പ്രകാരം "one academic year and above" കാലദൈർഘ്യമുള്ള താല്ക്കാലിക ഒഴിവുകളിലാണ് സംരക്ഷിത അദ്ധ്യാപക നിയമനം നടത്തേണ്ടത്. ഇവിടെ പൂർണ്ണമായ ഒരു അക്കാദമിക വർഷം ദൈർഘ്യമുള്ള ഒഴിവില്ല. അതുകൊണ്ടു തന്നെ, ശ്രീമതി ശ്രീകലക്ക് 04.07.2022 മുതൽ 31.03.2023 വരെയുള്ള കാലയളവിലേക്ക് നല്കിയ ദിവസവേതന നിയമനം അംഗീകാര യോഗ്യമാണെന്ന് ഒറ്റശേഖരമംഗലം ജനാർദ്ദനപുരം ഹയർ സെക്കന്ററി സ്കൂളിലെ മാനേജർ വാദിച്ചിരുന്നു.

21.06.2022 മുതൽ 20.06.2023 വരെയുള്ള ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞ് ശ്രീ.വിനോദ്കുമാർ 21.06.2023 ന് തിരികെ സ്കൂളിൽ പ്രവേശിക്കേണ്ടതായിരുന്നു. എന്നാൽ ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിച്ച ഉത്തരവുണ്ടാകും എന്നറിയിച്ച് ടിയാൻ ഡെപ്യൂട്ടേഷനിൽ തന്നെ തുടർന്ന് 31.05.2024 ന് സർവ്വീസിൽ നിന്നും വിരമിക്കുകയാണുണ്ടായത്. എന്നാൽ ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവൊന്നും മാനേജർക്ക് ലഭ്യമാക്കിയില്ല. അതുകൊണ്ടു തന്നെ സംരക്ഷിത അദ്ധ്യാപകനെ ആവശ്യപ്പെടാനും കഴിഞ്ഞില്ല. എന്നിരുന്നാലും കുട്ടികളുടെ അക്കാദമിക താല്പര്യം സംരക്ഷിക്കേണ്ട ബാധ്യതയുള്ളതു കൊണ്ട്, ശ്രീമതി ശ്രീകലയെ 10.06.2023 മുതൽ 31.03.2024 വരെയുള്ള കാലയളവിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ വീണ്ടും നിയമിക്കുകയും നിയമനാംഗീകാരത്തിനു അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. ഈ നിയമനം സ്വീകരിച്ച് 01.06.2023 മുതൽ 13.10.2023 വരെ നാലര മാസം മാത്രം തുടർന്ന ശേഷം ശ്രീമതി ശ്രീകല സ്വമേധയാ ജോലി ഉപേക്ഷിച്ചു പോവുകയും ചെയ്തിരുന്നു. ഈ ഒഴിവിലും സംരക്ഷിത അദ്ധ്യാപകനെയാണ് നിയമിക്കേണ്ടത് എന്ന കാരണം പറഞ്ഞ്, 27.10.2023 ലെ B4/46755/2023 നമ്പർ ഉത്തരവിലൂടെ നെയ്യാറ്റിൻകര ജില്ലാ

വിദ്യാഭ്യാസ ഓഫീസർ നിയമനാംഗീകാരം നിരസിച്ചിരുന്നു. അതിനെതിരെ സമർപ്പിച്ച അപ്പീലും അതേ കാരണം പറഞ്ഞ് ഉപഡയറക്ടർ 18.01.2024 ലെ B5/220928/2023 നമ്പർ ഉത്തരവിലൂടെ നിരസിക്കുകയുണ്ടായി. ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ച സർക്കാർ ഉത്തരവ് ലഭ്യമല്ലാതിരിക്കേ, സംരക്ഷിത അദ്ധ്യാപകനെ ആവശ്യപ്പെടാൻ മാനേജർക്കാവില്ല എന്ന വസ്തുതപോലും പരിഗണിക്കപ്പെട്ടില്ലെന്നും കുട്ടികളുടെ അക്കാദമിക താല്പര്യം സംരക്ഷിക്കാൻ മറ്റു മാർഗ്ഗങ്ങളില്ലാതിരിക്കേ മാനേജർ കൈക്കൊണ്ട ഉചിതമായ നടപടിയായിരുന്നു എന്ന പരിഗണനയിൽ ശ്രീമതി ശ്രീകലയുടെ 01.06.2023 മുതൽ 13.10.2023 വരെയുള്ള സേവനത്തിന് അംഗീകാരം ലഭ്യമാക്കണമെന്ന് ഒറ്റശേഖരമംഗലം ജനാർദ്ദനപുരം ഹയർ സെക്കന്ററി സ്കൂളിലെ മാനേജർ വാദിച്ചിരുന്നു.

മേൽ വിശദീകരിച്ചതിൽ നിന്നും, 21.06.2022 മുതൽ 20.06.202 വരെയുള്ള ഡെപ്യൂട്ടേഷൻ ഒഴിവിൽ 04.07.2022 മുതൽ 31.03.2023 വരെയുള്ള ശ്രീമതി.ശ്രീകല യുടെ സേവനവും, സർക്കാർ ഉത്തരവിന്റെ അഭാവത്തിലും, മലയാളം മിഷനിലെ രജിസ്ട്രാറായി തുടർന്ന് വിനോദ് കുമാർ ശമ്പളം കൈപ്പറ്റിയ ഒഴിവിൽ 01.06.2023 മുതൽ 13.10.2023 വരെയുള്ള ശ്രീമതി.ശ്രീകലയുടെ സേവനവും അംഗീകാരയോഗ്യമാണ് എന്ന് ബോധ്യപ്പെട്ട് ആയതിന് അനുകൂലമായി ദയവോടെ ഉത്തരവാകണമെന്നും നിജസ്ഥിതി മേൽ വിശദീകരിച്ച പ്രകാരമായിരുന്നിട്ടും, ശ്രീമതി.ശ്രീകല ജോലി ചെയ്ത കാലയളവിലെ വേതനം മാനേജരിൽ നിന്നും ഈടാക്കി ശ്രീമതി.ശ്രീകലക്ക് നൽകാനാണ് 06/05/2025-ലെ എ2/175/2023/പൊവിവ കത്തിലൂടെ സർക്കാർ നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറോട് നിർദ്ദേശിച്ചിരുന്നത്.

ശ്രീമതി ശ്രീകല സി.എസ്. ന്റെ കുറ്റംകൊണ്ടല്ല ജോലി ചെയ്ത കാലയളവിലെ വേതനം ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുള്ളത്. സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടതിനു പകരം മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടറെ അറിയിക്കാതെ ശ്രീമതി.ശ്രീകല സി.എസ്.നെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച തെറ്റായ നടപടി മൂലമാണ് ഹർജിക്കാരിക്ക് വേതനം ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുള്ളതെന്നും മേൽ സാഹചര്യത്തിൽ ജോലി ചെയ്ത കാലയളവിലെ വേതനം മാനേജരിൽ നിന്നും ഈടാക്കി ശ്രീമതി ശ്രീകല സി.എസ്.ന് നല്കുന്നതിന് നിർദ്ദേശം നല്കിയിരുന്നു.

21.06.2022 മുതൽ 20.06.2023 വരെയുള്ള ഡെപ്യൂട്ടേഷൻ ഒഴിവിൽ ഒരു അക്കാദമിക് വർഷ ദൈർഘ്യമുള്ള ഒഴിവ് ഇല്ലെന്നിരിക്കെ കെ.ഇ.ആർ. അദ്ധ്യായം XXI ലെ ചട്ടം 7(4) പ്രകാരം ഈ ഒഴിവിൽ സംരക്ഷിതാധ്യാപകനെ നിയമിക്കേണ്ട ആവശ്യകത ഇല്ല. 21.6.2023 മുതലുള്ള ഡെപ്യൂട്ടേഷൻ അനുവദിച്ച് സർക്കാരിൽ നിന്നും ഉത്തരവുണ്ടാകാത്ത സാഹചര്യത്തിൽ,

ആ ഒഴിവിലേക്ക് സംരക്ഷിതാധ്യാപകനെ ആവശ്യപ്പെടാൻ കഴിയുമായിരുന്നുമില്ല. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ മാനേജരുടെ ഭാഗത്തു നിന്നും തെറ്റായ നടപടിയൊന്നും ഉണ്ടായിട്ടില്ലെന്ന് ഒറ്റശേഖരമംഗലം ജനാർദ്ദനപുരം ഹയർ സെക്കന്ററി സ്കൂളിലെ മാനേജർ വാദിച്ചിരുന്നു.

മാനേജരുടെ ഭാഗം വിശദീകരിക്കാൻ യഥാസമയം അവസരം നല്കിയിരുന്നുവെങ്കിൽ, സർക്കാരിൽ നിന്നും ഇപ്രകാരമൊരു നിർദ്ദേശം ഉണ്ടാകുമായിരുന്നില്ല. മാനേജർക്ക് അപ്രകാരമൊരു അവസരം നൽകാതെ, മാനേജർക്കെതിരെ പിഴ വിധിച്ചത് ക്രമപ്രകാരമായിരുന്നില്ല.

ഈ സാഹചര്യത്തിൽ, 06/05/2025-ലെ എ2/175/2023/പൊവിവ കത്ത് പുനഃപരിശോധിച്ച് മാനേജരിൽ നിന്നും വേതനം ഈടാക്കി നൽകണമെന്ന നിർദ്ദേശം റദ്ദാക്കമെന്നും അതോടൊപ്പം തന്നെ ശ്രീമതി ശ്രീകലക്ക് എച്ച്.എസ്.റ്റി. (മലയാളം) ആയി ദിവസവേതനാടിസ്ഥാനത്തിൽ നല്കിയ നിയമനങ്ങൾ 04.07.2022 മുതൽ 31.03.2023 വരെയും 01.06.2023 മുതൽ 13.10.2023 വരെയും ഉള്ള കാലയളവുകളിലേക്ക് എത്രയും വേഗം അംഗീകരിച്ച നല്കാൻ നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കണമെന്ന് ഒറ്റശേഖരമംഗലം ജനാർദ്ദനപുരം ഹയർ സെക്കന്ററി സ്കൂളിലെ മാനേജർ അഭ്യർത്ഥിച്ചിരുന്നു.

3. ശ്രീമതി ശ്രീകല എന്ന് ഞാൻ 2022 ജൂലൈ 4 മുതൽ 2023 ഒക്ടോബർ വരെ നെയ്യാറ്റിൻകര ഉപജില്ലാ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന ജനാർദ്ദനപുരം ഹയർ സെക്കന്ററി സ്കൂളിൽ ശ്രീ.വിനോദ് കുമാർ കെ.എസ്. ന്റെ ഒഴിവിലേയ്ക്ക് മലയാളം എച്ച്.എസ്.എ ഗസ്റ്റ് ആയി ജോലി ചെയ്തിരുന്നു. 2022 മുതൽ 2023 മാർച്ച് വരെയുള്ള നിയമനത്തിന്റെ കാര്യത്തിൽ യാതൊരു അറിയിപ്പും ഒന്നര വർഷമായിട്ടു ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും ലഭിച്ചില്ല. 2023 മുതൽ 2024 ലെ നിയമനത്തിന് സംരക്ഷിത അദ്ധ്യാപകരെയാണ് നിയമിക്കേണ്ടത് എന്ന കാരണത്താൽ എന്റെ നിയമനം നിരസിക്കുകയും ചെയ്തിരുന്നു. ആദ്യ വർഷത്തെ നിയമനത്തിന്റെ കാര്യത്തിൽ യാതൊരറിയിപ്പും ലഭിക്കാത്തതിനാൽ തുടർച്ചയായി ഒന്നര വർഷം സ്കൂളിൽ ജോലി ചെയ്യുകയും ചെയ്തിരുന്നു. ഈ കാലയളവിൽ യാതൊരു വേതനവും ലഭിച്ചില്ല. ഇതിന് ഒരു പരിഹാരം കാണാൻ പൊതുവിദ്യാഭ്യാസ വകുപ്പിന് ഒരു നിവേദനം 15/11/2023 ൽ നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സംരക്ഷിത അധ്യാപകരെയാണ് നിയമിക്കേണ്ടതെന്നും അതിനു പകരമാണ് എന്നെ നിയമിച്ചതെന്നും ഈ തെറ്റായ നടപടിമൂലമാണ് വേതനം ലഭിക്കാത്തതെന്നും ജോലി ചെയ്ത കാലയളവിലെ വേതനം മാനേജരിൽ നിന്നും ഈടാക്കി നൽകണമെന്നും ഗവൺമെന്റിന്റെ നിർദ്ദേശം ഉണ്ടായിരുന്നു.

എന്നാൽ യാതൊരുവിധ നടപടിയും ഇതുവരെ ഉണ്ടായില്ല. ആയതിനാൽ ജോലി ചെയ്ത കാലയളവിലെ വേതനം കിട്ടാനുള്ള തുടർനടപടികൾ സ്വീകരിക്കണമെന്ന് ശ്രീമതി ശ്രീകല താഴ്മയായി അപേക്ഷിക്കുന്നു.

4. ഒറ്റശേഖരമംഗലം ജനാർദ്ദനപുരം ഹയർ സെക്കന്ററി സ്കൂളിലെ മാനേജർ എച്ച്.എസ്.ടി മലയാളം തസ്തികയിൽ ശ്രീമതി.ശ്രീകല സി.എസ്. എന്ന ഉദ്യോഗാർത്ഥിയെ 04/07/2022 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ടി സ്കൂളിലെ എച്ച്.എസ്.ടി മലയാളം അധ്യാപകനായ ശ്രീ.വിനോദ് കുമാർ കെ.എസ്. 22/06/2022 മുതൽ ഡെപ്യൂട്ടേഷനിൽ പ്രവേശിച്ചത് മൂലം ഉണ്ടായ ഒഴിവിലേക്ക് നിയമിച്ചിരുന്നു. ശ്രീമതി ശ്രീകലയെ നിയമന ഉത്തരവിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയിരിക്കുന്നത് തുടർച്ചയായാണ്. ഡെപ്യൂട്ടേഷൻ ഒഴിവിൽ പകരം സംരക്ഷിതാധ്യാപക നിയമനം നടത്തുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടറെ അറിയിക്കുകയും ആയത് ലഭ്യമല്ലാത്ത സാഹചര്യത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം അംഗീകരിക്കുവാൻ വ്യവസ്ഥയില്ല. ദിവസവേതനാടിസ്ഥാനത്തിൽ തുടർച്ചയായി നിയമനം നടത്തിയ നടപടി ക്രമപ്രകാരവുമല്ല. സർക്കാർ സർക്കുലർ ജെ2/951951/പൊവിവ പ്രകാരം 3 മാസത്തിൽ കൂടുതലുള്ള അവധി ഒഴിവുകൾ സംരക്ഷിതാധ്യാപക നിയമനം നടത്തി മാത്രമേ നികത്താനാകൂ. ഈ സാഹചര്യത്തിൽ ഒരു അക്കാദമിക് വർഷത്തിൽ കൂടുതലുള്ള അവധി ഒഴിവുകളിൽ സംരക്ഷിതാധ്യാപക നിയമനം നടത്തുന്നതിന് പകരം ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയ നടപടി ക്രമപ്രകാരമുള്ളതല്ല. കൂടാതെ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ഒരു ദിവസത്തെ കാലതാമസം വന്നിട്ടുണ്ട്. മേൽ കാരണങ്ങളാൽ ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു നൽകിയിരുന്നു. തുടർന്ന് മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചുവെങ്കിലും ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉന്നയിച്ച അതേ കാരണങ്ങളാൽ വിദ്യാഭ്യാസ ഉപഡയറക്ടറും ടി നിയമനം നിരസിച്ചു നൽകിയിരുന്നു

തുടർന്ന് മാനേജർ ഇതേ ഒഴിവിൽ ശ്രീമതി ശ്രീകല സി.എസ്. നെ ദിവസവേതനാടിസ്ഥാനത്തിൽ 01/06/2023 മുതൽ നിയമിക്കുകയുണ്ടായി. കെ.ഇ.ആർ ചാപ്റ്റർ XXI ലെ 7(1) മുതൽ 7(4) വരെയുള്ള ചട്ടങ്ങൾ പ്രകാരമോ മറ്റു സർക്കാർ ഉത്തരവുകൾ പ്രകാരമോ സംരക്ഷിത അധ്യാപകരെ നിയമിക്കേണ്ട തസ്തികകളിൽ മറ്റു ജീവനക്കാരെ നിയമിക്കുവാൻ സാധിക്കുകയില്ല. ഇത്തരം സാഹചര്യത്തിൽ പ്രസ്തുത ഒഴിവിലേക്ക് സംരഷിത അധ്യാപകരെ നിയമിച്ചു നൽകണമെന്ന് മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതും വിദ്യാഭ്യാസ ഉപ ഡയറക്ടർ സംരക്ഷിത അധ്യാപകർ ബന്ധപ്പെട്ട

തസ്തികയിൽ ലഭ്യമല്ല എന്ന മറുപടി മാനേജർക്ക് നൽകിയാൽ മാത്രമേ മാനേജർക്ക് ദിവസവേതനാടിസ്ഥാനത്തിൽ ഒരു അക്കാദമിക് വർഷത്തിൽ കൂടുതലുള്ള അവധി ഒഴിവുകളിൽ നിയമനം നടത്തുവാൻ കഴിയുകയുള്ളൂ എന്നാൽ മാനേജർ മേൽ പരാമർശിച്ച പ്രകാരം അപേക്ഷ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകിയിട്ടില്ല. മാത്രവുമല്ല എച്ച്.എസ്.ടി മലയാളം തസ്തികയിൽ സംരക്ഷണ അധ്യാപകർ തിരുവനന്തപുരം ജില്ലയിൽ നിലനിൽക്കുകയും ചെയ്യുന്നതിനാൽ വിദ്യാഭ്യാസ ഉപഡയറക്ടർ കാര്യാലയത്തിൽ നിന്നും 18/01/2024 തീയതിയിലെ B5/220928/2023 ഉത്തരവ് പ്രകാരം ടി നിയമന അപ്പീൽ നിരസിച്ച ഉത്തരവ് ആയിട്ടുള്ളതാണ്.

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് /സമന്വയയിൽ വെബ്സൈറ്റ് ൽ 2022-23 വർഷത്തെ സംരക്ഷിത അധ്യാപകരുടെ വിവരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം എച്ച്.എസ്.ടി (മലയാളം) തസ്തികയിൽ സംസ്ഥാനത്ത് സർക്കാർ സ്കൂളുകളിലേക്ക് താൽക്കാലികമായി പുനർ വിന്യസിക്കപ്പെട്ട സംരക്ഷിത അധ്യാപകർ ഉണ്ട്. കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ ഇപ്രകാരം പി.എസ്.സി യിലേക്ക് റിപ്പോർട്ട് ചെയ്ത ഒഴിവിൽ താൽക്കാലികമായി പുനർവിന്യസിക്കപ്പെട്ട സംരക്ഷിത അധ്യാപകർ ഉണ്ട്. മേൽ സാഹചര്യത്തിൽ ശ്രീമതി ശ്രീകല സി.എസ്.ന്റെ നിയമന കാലയളവിൽ എച്ച്.എസ്.ടി. (മലയാളം) തസ്തികയിൽ, സംസ്ഥാനത്ത് സ്ഥിര പുനർ വിന്യാസം ലഭിക്കാത്ത സംരക്ഷിത അധ്യാപകർ ഉള്ളതായി കാണുന്നു.

മേൽ പരാമർശിച്ചിട്ടുള്ള സാഹചര്യങ്ങളാൽ ജെ.പി.എച്ച്.എസ്.എസ് ഒറ്റശേഖരമംഗലം സ്കൂളിലെ എച്ച്.എസ്.ടി മലയാളം ശ്രീ.വിനോദ് കുമാർ കെ.എസ്. 22.06.2022 മുതൽ ഡെപ്യൂട്ടേഷനിൽ പ്രവേശിച്ചത് മൂലം ഉണ്ടായ ഒഴിവിലേക്ക് മാനേജർ നിയമിച്ച ശ്രീമതി ശ്രീകല സി.എസ്. ന്റെ 04.07.2022 മുതൽ 31.03.2023 വരെയും 01.06.2023 മുതൽ 08.10.2023 വരെയും ഉള്ള കാലയളവിലെ ദിവസവേതനാടിസ്ഥാനത്തിലെ നിയമനങ്ങൾ ക്രമപ്രകാരമല്ലാത്തതിനാൽ ടിയാരിയുടെ അപ്പീൽ പരിഗണനാർഹമല്ലെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5.സർക്കാർ ഈ വിഷയം ലഭ്യമായ റിപ്പോർട്ടുകളുടെയും നിലവിലെ ചട്ടങ്ങളുടെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഒറ്റശേഖരമംഗലം ജനാർദ്ദനപുരം ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.റ്റി. മലയാളം അധ്യാപകനായ ശ്രീ. വിനോദ് കുമാർ കെ.എസ്. 22/06/2022 മുതൽ ഡെപ്യൂട്ടേഷനിൽ പ്രവേശിച്ചത് മൂലം ഉണ്ടായ ഒഴിവിൽ ശ്രീമതി ശ്രീകല സി.എസ്. നെ മാനേജർ 04/07/2022 മുതൽ തുടർച്ചയായി (04/07/2022 to 31/03/2023) വരെയും തുടർന്ന് ശ്രീ. വിനോദ് കുമാർ ഡെപ്യൂട്ടേഷൻ കഴിഞ്ഞ്

സ്കൂളിൽ തിരികെ പ്രവേശിക്കാതെ ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിച്ച് ഉത്തരവുണ്ടാകും എന്ന ധാരണയിൽ ഡെപ്യൂട്ടേഷനിൽ തന്നെ തുടർന്ന കാലയളവിൽ 01/06/2023 മുതൽ തുടർച്ചയായി (01/06/2023 മുതൽ 31/03/2024 വരെ) ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. ഡെപ്യൂട്ടേഷൻ ഒഴിവിൽ സംരക്ഷിത അധ്യാപകരെയാണ് നിയമിക്കേണ്ടത് എന്നിരിക്കെ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടത് മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടറെ അറിയിക്കുകയും ആയത് ലഭ്യമല്ലാത്ത സാഹചര്യത്തിൽ മാത്രം ഓഫീസിലെ അനുമതിയോടെ ദിവസവേതാനാടിസ്ഥാനത്തിൽ നിയമനം അംഗീകരിക്കാൻ മാത്രം വ്യവസ്ഥ ഉണ്ടായിരിക്കെ ദിവസവേതന അടിസ്ഥാനത്തിൽ തുടർച്ചയായി നടത്തിയ മേൽ നിയമന നടപടിക്രമം ക്രമപ്രകാരമല്ലാത്ത സാഹചര്യത്തിൽ ആണ് നിരസിക്കപ്പെട്ടിട്ടുള്ളത്. സംരക്ഷിത അധ്യാപകരെ നിയമിക്കേണ്ടതിന് പകരം മാനേജർ വിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കാതെ ശ്രീമതി ശ്രീകലയെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ച സാഹചര്യത്തിൽ ജോലി ചെയ്ത കാലയളവിലെ വേതനം മാനേജരിൽ നിന്ന് ഈടാക്കാൻ സർക്കാർ കത്ത് നമ്പർ എ2/175/2023/പൊവിവ തീയതി 06/05/2025 പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇതിനെതിരെയാണ് ഇപ്പോൾ മാനേജർ പരാമർശം (1) പ്രകാരം റിവ്യൂ ഹർജി സമർപ്പിച്ചിരിക്കുന്നത്.

6.ജനാർദ്ദനപുരം ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.റ്റി. മലയാളം തസ്തികയിലെ ശ്രീമതി.ശ്രീകലയുടെ നിയമന കാലയളവിൽ എച്ച്.എസ്.റ്റി. മലയാളം തസ്തികയിൽ സംസ്ഥാനത്ത് സംരക്ഷിത അധ്യാപകർ പുനർവിന്യസിക്കപ്പെടാതെ ഉണ്ടായിരുന്നോ എന്നും പരിശോധിച്ചു. ഈ കാലയളവിൽ സംസ്ഥാനത്ത് സംരക്ഷിതാദ്ധ്യാപകർ പുനർ വിന്യസിക്കുവാൻ ഉണ്ടായിരുന്ന സാഹചര്യത്തിലാണ് ശ്രീമതി.ശ്രീകല യെ നിയമിച്ച കാലയളവിലെ വേതനം മാനേജരിൽ നിന്ന് ഈടാക്കി ഹർജിക്കാരിക്ക് നൽ കാൻ എ2/175/2023/പൊവിവ തീയതി 06/05/2025 തീയതിയിലെ സർക്കാർ കത്തിലൂടെ നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിർദേശം നൽകിയിട്ടുള്ളത്.

7.പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് /സമന്വയയിൽ വെബ്സൈറ്റ് ൽ 2022-23 വർഷത്തെ സംരക്ഷിത അധ്യാപകരുടെ വിവരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം എച്ച്.എസ്.ടി (മലയാളം) തസ്തികയിൽ സംസ്ഥാനത്ത് സർക്കാർ സ്കൂളുകളിലേക്ക് താൽക്കാലികമായി പുനർ വിന്യസിക്കപ്പെട്ട സംരക്ഷിത അധ്യാപകർ ഉണ്ട്. കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ ഇപ്രകാരം പി.എസ്.സി യിലേക്ക് റിപ്പോർട്ട് ചെയ്ത ഒഴിവിൽ താൽക്കാലികമായി പുനർവിന്യസിക്കപ്പെട്ട സംരക്ഷിത അധ്യാപകർ ഉണ്ട്. മേൽ

സാഹചര്യത്തിൽ ശ്രീമതി ശ്രീകല സി.എസ്.ന്റെ നിയമന കാലയളവിൽ എച്ച്.എസ്.ടി. (മലയാളം) തസ്തികയിൽ, സംസ്ഥാനത്ത് സ്ഥിര പുനർ വിന്യാസം ലഭിക്കാത്ത സംരക്ഷിത അധ്യാപകർ ഉള്ളതായി കാണുന്നു എന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

8.ഇപ്പോൾ സമർപ്പിച്ചിട്ടുള്ള റിവ്യൂ പെറ്റീഷനിൽ 21.06.2022 മുതൽ 20.06.2023 വരെയുള്ള ഡെപ്യൂട്ടേഷൻ ഒഴിവിൽ ഒരു അക്കാദമിക് വർഷ ദൈർഘ്യമുള്ള ഒഴിവ് ഇല്ല എന്നും അതുകൊണ്ട് തന്നെ കെ.ഇ.ആർ. അദ്ധ്യായം XXI ലെ ചട്ടം 7(4) പ്രകാരം ഈ ഒഴിവിൽ സംരക്ഷിതാധ്യാപകനെ നിയമിക്കേണ്ട ആവശ്യകത ഇല്ല എന്നും 21.6.2023 മുതലുള്ള ഡെപ്യൂട്ടേഷൻ അനുവദിച്ച് സർക്കാരിൽ നിന്നും ഉത്തരവുണ്ടാകാത്ത സാഹചര്യത്തിൽ, ആ ഒഴിവിലേക്ക് സംരക്ഷിതാധ്യാപകനെ ആവശ്യപ്പെടാൻ കഴിയുമായിരുന്നുമില്ല എന്നും ശ്രീ.വിനോദ് കുമാർ ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിച്ചു ഉത്തരവുണ്ടാകും എന്ന് അറിയിച്ച് ഡെപ്യൂട്ടേഷൻ തുടർന്ന കാലയളവിൽ അതായത് 10/06/2023 മുതൽ 31/03/2024 വരെയുള്ള കാലയളവിൽ ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ച സർക്കാർ ഉത്തരവ് ലഭ്യമല്ലാത്ത സാഹചര്യത്തിൽ, ആ ഒഴിവിലേക്ക് സംരക്ഷിതാധ്യാപകനെ ആവശ്യപ്പെടാൻ മാനേജർക്ക് കഴിയാത്ത സാഹചര്യത്തിൽ കുട്ടികളുടെ അക്കാദമിക താൽപര്യം സംരക്ഷിക്കാനായാണ് ശ്രീമതി ശ്രീകലയുടെ ദിവസവേതന നിയമനം നടത്തിയത് എന്നാണ് മാനേജർ വിശദീകരിക്കുന്നത്.

9."KER Chapter XXI Rule 7(4) പ്രകാരം ഒരു അക്കാദമിക വർഷത്തിലധികമുള്ള ഒഴിവുകളിൽ സംരക്ഷിതാധ്യാപകരെയാണ് നിയമിക്കേണ്ടത്. ശ്രീ. വിനോദ് കുമാർ കെ.എസ്. 22/06/2022 മുതൽ ഒരു വർഷത്തേക്കാണ് ഡെപ്യൂട്ടേഷനിൽ പ്രവേശിച്ചത്. ടി ഒഴിവ് അടുത്ത അദ്ധ്യയന വർഷം വരെ (21.06.2023) നീളുന്നതാണ്. ആയതിനാൽ എ2/175/2023/പൊവിവ തീയതി 06/05/2025 തീയതിയിലെ കത്ത് ക്രമപ്രകാരമാണ്.

10.മേൽ സാഹചര്യത്തിൽ എ2/175/2023/പൊവിവ തീയതി 06/05/2025 തീയതിയിലെ കത്തിലെ നിർദ്ദേശം പാലിക്കുവാൻ ഒറ്റശേഖരമംഗലം ജനാർദ്ദനപുരം ഹയർ സെക്കന്ററി സ്കൂളിലെ മാനേജർക്ക് നിർദ്ദേശം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

11. മേൽപ്രകാരം പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

മാനേജർ, ജനാർദ്ദനപുരം ഹയർസെക്കണ്ടറി സ്കൂൾ
ഒറ്റശേഖരമംഗലം, തിരുവനന്തപുരം
ശ്രീമതി. ശ്രീകല സി.എസ്. പുതുവീട്, മൈലച്ചൽ

ഡാല്വമുഖം പി.ഒ, തിരുവനന്തപുരം 695 125
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം-695 036.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, നെയ്യാറ്റിൻകര.
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ്. (05.06.2026 ലെ **GE-JA3/195/2026-G.EDN** പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ (എ2/172/2025-പൊ.വി.വ.).

ഉത്തരവിൻ പ്രകാരം
**Signed by Aji Kumar R**
**Date: 27-06-2026 12:11:35**

സെക്ഷൻ ഓഫീസർ